**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3366** **11-03-2025 - ൽ മറുപടിയ്ക്ക്**

**സി.എച്ച്.ആർ. ഭൂമിയിലെ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ് ഭൂമി റവന്യൂ ഭൂമിയാണോ വന ഭൂമിയാണോ എന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതി മുമ്പാകെ ശ്രീ.ഗോദവർമ്മൻ തിരുമുൽപാട് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം.202/95 -മായി ബന്ധപ്പെട്ട വിവിധ ഇന്റർലോക്കുറ്ററി അപേക്ഷകളിൽ സർക്കാരിനുവേണ്ടി 23.10.2024 തീയതിയിൽ ചീഫ് സെക്രട്ടറി ഫയൽ ചെയ്തിട്ടുള്ള അഫിഡവിറ്റിൽ കാർഡമം ഹിൽ റിസ്ർവ്വ് ഭൂമി പൂർണമായും വനഭൂമി അല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | സി.എച്ച്.ആർ. ഭൂമിയിൽ പട്ടയങ്ങൾ നൽകുന്നത് ഇടക്കാല ഉത്തരവിലൂടെ സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ സ്റ്റേ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സി.എച്ച്.ആർ ഭൂമിയിൽ പട്ടയങ്ങൾ നൽകുന്നത് ഇടക്കാല ഉത്തരവിലൂടെ സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ 24.10.2024 തീയതിയിലെ ഇടക്കാല വിധിയെ തുടർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ